## 06.04.2017 ൽ ചേർന്ന ഭരണപരിഷ്കാര കമ്മീഷന്റെ അഞ്ചാമത് യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം വൈകുന്നേരം 3.30 ന് ആരംഭിച്ചു. കമ്മീഷൻ അംഗമായ ശ്രീ.സി.പി.നായർ യോഗത്തിൽ സന്നിഹിതനായിരുന്നു.

കഴിഞ്ഞ യോഗത്തിൽ നാം തീരുമാനിച്ച മിക്കവാറും എല്ലാ കാര്യങ്ങളും നടപ്പാക്കി കഴിഞ്ഞതായി ചെയർമാൻ ആമുഖമായി ചൂണ്ടിക്കാട്ടി.

നാം എന്തു തീരുമാനിക്കുന്നു എന്നത് പ്രധാനമാണ്; മുൻ കമ്മീഷനുകളുടെ ശുപാർശകൾ നടപ്പാക്കുന്നതിലെ വിടവുകൾ കണ്ടെത്തുക എന്നത് ഈ കമ്മീഷന്റെ ദിശ നിർണ്ണയിക്കുന്നതിൽ പ്രധാനമാണ് ; അതുകൊണ്ടാണ് മുൻ കമ്മീഷനുകളുടെ ശുപാർശകൾ നടപ്പാക്കിയതിനെക്കുറിച്ച് പഠിക്കാൻ സി.എം.ഡി യെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചത് ; ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാവും നമ്മുടെ ഭാവി പ്രവർത്തനങ്ങളിൽ ചിലതിന്റെ ദിശ നിർണ്ണയിക്കപ്പെടുക; ഇനിയങ്ങോട്ട് നാമെടുക്കുന്ന ഓരോ തീരുമാനങ്ങൾക്കും വ്യക്തമായ സാധൂകരണം ആവശ്യമായി വരും എന്നീ കാര്യങ്ങൾ ചെയർമാൻ തുടർന്ന് പറഞ്ഞു.

സ്ഥാപന തല കമ്മിറ്റികൾക്കുള്ള മാർഗ്ഗരേഖ കുറേക്കൂടി വിശദാംശങ്ങൾ ചേർത്തു കൊണ്ട് സമഗ്രമാക്കണമെന്നും കമ്മിറ്റിയുടെ ഘടന, പ്രവർത്തനരീതി, റിപ്പോർട്ടിംഗ്, ഓരോ വകുപ്പിലും നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള മേഖലകൾ, നിർദ്ദേശങ്ങളുടെ ഫോർമാറ്റ് തുടങ്ങിയ വിശദാംശങ്ങൾ ഉണ്ടാകണമെന്നും ചെയർമാൻ നിർദ്ദേശിച്ചു.

ഭാവി പ്രവർത്തനങ്ങൾക്കുള്ള സമയ ക്രമം തയ്യാറാക്കിയതനുസരിച്ച് മേയ് മാസത്തോടെ ചോദ്യാവലി തയ്യാറാക്കണം. അതിനു ശേഷം മാത്രമേ മുൻകാല കമ്മീഷനുകളുടെ ശുപാർശകൾ നടപ്പാക്കിയത് സംബന്ധിച്ച പഠന റിപ്പോർട്ട് ലഭിക്കുകയുള്ളൂ. ചോദ്യാവലികൾ തയ്യാറാക്കുന്നതിന് മുമ്പായി അതിന്റെ സമഗ്രത ഉറപ്പാക്കുന്നതിന് അതത് വിഷയം സംബന്ധിച്ച് മുൻകാല കമ്മീഷനുകൾ സമർപ്പിച്ച ശുപാർശകളുടെ നടപ്പാക്കൽ സംബന്ധിച്ച പഠന റിപ്പോർട്ട് കമ്മീഷൻ വശം ഉണ്ടായിരിക്കുന്നത് അഭികാമ്യമാണെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു.

നാലാം ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടുകൾ മലയാളത്തിലായിരിക്കും തയ്യാറാക്കുക എങ്കിലും ആവശ്യമെങ്കിൽ ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്യുന്നതിൽ തെറ്റില്ലായെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു.

ചെയർമാൻ ചൂണ്ടിക്കാട്ടിയ വിഷയങ്ങളിന്മേൽ ആവശ്യമായ വിശദീകരണങ്ങൾ കമ്മീഷൻ അഡീഷണൽ സെക്രട്ടറി നൽകി. തുടർന്ന് അജണ്ടയിലെ വിഷയങ്ങൾ ഒന്നൊന്നായി വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു :

1) നിലവിലുള്ള വിജിലൻസ് സംവിധാനവും അതിന്റെ ഘടനയും പുനരവലോകനം ചെയ്യുന്ന പഠനത്തെ സഹായിക്കുന്നതിനായി താഴെപ്പറയുന്ന വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്താൻ തീരുമാനിച്ചു.

- ജേക്കബ് തോമസ് ഐ.പി.എസ്
- ബി.സന്ധ്യ ഐ.പി.എസ്
- ജോൺ ബ്രിട്ടോ, നിയമ സ്പെഷ്യൽ സെക്രട്ടറി (റിട്ട.)
- അഡ്വ.ചെറുന്നിയൂർ. പി. ശശിധരൻ നായർ
- സുരേന്ദ്രൻ , ഐ.ജി ,വിജിലൻസ് (റിട്ട.)
- അഗസ്റ്റിൻ, വിജിലൻസ് ലീഗൽ അഡ്വൈസർ.

2) സർക്കാർ സർവ്വീസിലെ ശേഷി വികസനം (Capacity Development in Government) സംബന്ധിച്ച പഠനം നടത്തുന്നതിന് കമ്മീഷനെ സഹായിക്കുന്നതിനായി താഴെപ്പറയുന്ന വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്താൻ തീരുമാനിച്ചു.

- അലക്സാണ്ടർ ജേക്കബ് ഐ.പി.എസ് (റിട്ട.)
- ഗായത്രി നായർ ഐ.ഇ.എസ് , സംസ്ഥാന ആസൂത്രണ ബോർഡ്.
- അഡ്വ.രാജശേഖരൻ നായർ, അഡീഷണൽ സെക്രട്ടറി (റിട്ട.)
- മോഹനനാഥ ബാബു, അഡീഷണൽ സെക്രട്ടറി (റിട്ട.)
- കെ.വിജയകുമാരൻ, അഡീഷണൽ സെക്രട്ടറി (റിട്ട.)
- ഡോ.ആർ.റാം മോഹൻ, പ്രൊഫസർ,ഐ.എം.ജി

3) പാർശ്വവൽകൃതർ, ദുർബല വിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനായുള്ള വെൽഫെയർ നിയമങ്ങളുടെ നടപ്പാക്കലും, സ്ഥാപനങ്ങളുടെ നടത്തിപ്പും (Reaching the unreached – Review of operationalization of selected welfare legislations and care institutions) എന്ന വിഷയവും പൊതുജനങ്ങൾക്കുള്ള വിവരം നൽകൽ /പൊതുജന പരാതി പരിഹാര സംവിധാനം എന്നിവയുടെ അവലോകനം (Review of information and Public Grievance Redressal Mechanism in Government) എന്ന വിഷയവും കമ്മീഷന്റെ മുൻഗണനാ വിഷയങ്ങളായി നിശ്ചയിച്ച് പഠനം നടത്തുന്നതാണ്. ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട വിദഗ്ധരെ തുടർന്ന് തീരുമാനിക്കുന്നതാണ്.

4) സ്ഥാപന തല കമ്മിറ്റികൾക്കുള്ള മാർഗ്ഗരേഖ തത്വത്തിൽ അംഗീകരിച്ചു. കമ്മിറ്റിയുടെ ഘടന, പ്രവർത്തനരീതി, റിപ്പോർട്ടിംഗ് , ഓരോ വകുപ്പിലും നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള മേഖലകൾ, നിർദ്ദേശങ്ങളുടെ ഫോർമാറ്റ് തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഇത് സമഗ്രമാക്കുന്നതാണ്.

5) കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിനു വേണ്ടി ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ തസ്തിക കൂടി കമ്മീഷൻ ഓഫീസിൽ സൃഷ്ടിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചു.

6) 2017 ആഗസ്റ്റ് 31 വരെയുള്ള കമ്മീഷൻ പ്രവർത്തനങ്ങളുടെ സമയക്രമവും ( time lines) അതിൽ ഉൾപ്പെട്ട പ്രവർത്തനങ്ങളും തത്വത്തിൽ അംഗീകരിച്ചു.

7) കമ്മീഷനു വേണ്ടി ചോദ്യാവലി തയ്യാറാക്കുന്നതിനും കമ്മീഷൻ വെബ്സൈറ്റ് വഴിയും അല്ലാതെയും ലഭിക്കുന്ന പൊതുജനങ്ങളുടേയും മറ്റുള്ളവരുടേയും നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനും ഐ.എം.ജി യിൽ നിന്നും ഒരു ഫാക്കൽറ്റിയുടെ സേവനം തേടുന്നതിന് തീരുമാനിച്ചു.

8) കമ്മീഷന്റെ ആറാമത് യോഗം 2017 മെയ് മാസം 27 ◌ാം തീയതി വൈകിട്ട് 3.30 ന് ചേരുന്നതാണ്.

5 മണിക്ക് യോഗം അവസാനിച്ചു.

-------------------------